ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പുറപ്പെടും.

   Prime Minister Narendra Modi to leave on a visit to Italy today to participate in G7 Summit.

2. കുവൈറ്റ് തീപിടിത്തത്തിൽ മരിച്ച ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കുമെന്ന് വിദേശകാര്യമന്ത്രാലയം. നടപടികൾ ഏകോപിപ്പിക്കുന്നതിനായി വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിങ് കുവൈറ്റിലെത്തി.

   Around 40 Indians killed and 50 injured in Kuwait apartment fire; Minister of State for External Affairs, Kirti Vardhan Singh rushed to Kuwait to oversee the relief measures and facilitate expeditious repatriation of the mortal remains.

3. കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. മന്ത്രി വീണാ ജോർജ് കുവൈറ്റിലേക്ക് പുറപ്പെടും.

   Kerala Government announces ex-gratia of 5 lakh rupees to kin of deceased Keralites. Kerala Health Minister Veena George will visit Kuwait to coordinate the relief measures.

4. നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകും.

   The central government today told the Supreme Court that 1,563 NEET-UG candidates, previously awarded grace marks, will have the option to retake the exam on 23rd June.

5. **അരുണാചൽ പ്രദേശ് മുഖ്യമന്ത്രിയായി ബിജെപി നേതാവ് പേമ ഖണ്ഡു സത്യപ്രതിജ്ഞ ചെയ്തു.**

**Senior BJP leader Pema Khandu today took oath as the chief minister of Arunachal Pradesh for the third consecutive term.**

6. **ഐസിസി ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്-നെതർലാൻഡ്സ് പോരാട്ടം.**

**In the ICC Men's T20 World Cup Cricket Bangladesh will take on Netherlands today**

**************************************************

## PM – G7 SUMMIT (INTRO)

ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പുറപ്പെടും. മൂന്നാം തവണ ഇന്ത്യൻ പ്രധാനമന്ത്രിയായ ശേഷമുള്ള ശ്രീ നരേന്ദ്രമോദിയുടെ ആദ്യ വിദേശയാത്രയാണിത്.

വിശദാംശങ്ങളിലേക്ക്.........
(VOICE.......)

## PM – G7 SUMMIT (VOICE)

തുടർച്ചയായ അഞ്ചാം തവണയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഉച്ചകോടിയുടെ ഭാഗമായി നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനിൽ പ്രധാനമന്ത്രി പങ്കെടുക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. സമ്മേളനത്തിൽ, നിർമ്മിത ബുദ്ധി, ഊർജം എന്നീ വിഷയങ്ങൾക്കൊപ്പം ആഫ്രിക്കൻ - മെഡിറ്ററേനിയൻ മേഖലകളിൽ ഊന്നിയുള്ള ചർച്ചകളും നടക്കും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മേലോണിയുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. മറ്റ് ജി7 നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. സ്വിറ്റ്സർലൻഡിൽ നടക്കുന്ന യുക്രൈൻ സമാധാന ഉച്ചകോടിയിലും ഇന്ത്യയുടെ

പങ്കാളിത്തമുണ്ടാകുമെന്ന് വിദേശകാര്യ സെക്രട്ടറി അറിയിച്ചു. 1973 ൽ സാമ്പത്തിക സഹകരണത്തിനുള്ള വേദിയായി സ്ഥാപിതമായ G-7 കൂട്ടായ്മയിൽ യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, കാനഡ, ബ്രിട്ടൻ എന്നീ രാജ്യങ്ങളാണ് ഉൾപ്പെടുന്നത്.
ന്യൂസ് ഡെസ്ക്, ആകാശവാണി......

*************************************************

## EXTERNAL AFFAIRS MINISTRY

കുവൈറ്റിലെ മംഗഫ് മേഖലയിൽ, തൊഴിലാളികൾ താമസിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ ഇന്നലെയുണ്ടായ തീപിടിത്തത്തിൽ മരിച്ച 49 പേരിൽ 19 പേർ മലയാളികളാണെന്ന് റിപ്പോർട്ടുകൾ. തീപിടിത്തത്തിൽ 40 ഓളം ഇന്ത്യക്കാർ മരിച്ചതായും 50 ഓളം ഇന്ത്യക്കാർക്ക് പരിക്കേറ്റതായുമാണ് പ്രാഥമിക വിവരമെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. അപകടത്തിൻറെ കാരണം കണ്ടെത്താൻ കുവൈറ്റ് ഔദ്യോഗിക അന്വേഷണം ആരംഭിച്ചു. അപകടത്തിൽപ്പെട്ടവർക്ക് ആവശ്യമായ എല്ലാ ചികിത്സയും ഉറപ്പുവരുത്തുമെന്ന് കുവൈറ്റ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അപകടത്തെ സംബന്ധിച്ച വിശദ വിവരങ്ങൾ ഇന്ത്യൻ എംബസി കുവൈറ്റ് അധികൃതരിൽ നിന്നും തേടിയിട്ടുണ്ട്. അപകടത്തിൽപ്പെട്ട ഇന്ത്യക്കാർക്ക് വേണ്ട സഹായം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിങ് കുവൈറ്റിലെത്തി. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ

അടിയന്തിര യോഗം ചേർന്നിരുന്നു. മരിച്ച ഇന്ത്യക്കാരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപ അടിയന്തര ധനസഹായം പ്രഖ്യാപിച്ചു. ദുരന്തത്തെ സംബന്ധിച്ച് കുവൈറ്റ് വിദേശകാര്യ മന്ത്രിയുമായി വിദേശകാര്യ മന്ത്രി

എസ്. ജയശങ്കർ ചർച്ച നടത്തി. സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്നും നിയമ നടപടികൾ ഉണ്ടാകുമെന്നും കുവൈറ്റ് വിദേശകാര്യ മന്ത്രി ഉറപ്പുനൽകി.

**************************************************

## KUWAIT KERALA CABINET

കുവൈറ്റിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതം നൽകാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. ദുരന്തത്തിൽ മന്ത്രിസഭ അനുശോചനം രേഖപ്പെടുത്തി. പരിക്കേറ്റ മലയാളികളുടെ ചികിത്സ, മൃതദേഹങ്ങൾ നാട്ടിലെത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ആരോഗ്യ മന്ത്രി വീണാ ജോർജ് കുവൈറ്റിലേക്ക് യാത്ര തിരിക്കും. അപകടബാധിതർക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡസ്കും, കോൺടാക്ട് സെൻററും മുഴുവൻ സമയവും പ്രവർത്തിക്കുന്നുണ്ട്. 1800 425 3939 എന്ന ടോൾഫ്രീ നമ്പരിൽ ഇന്ത്യയിൽ നിന്നും കോൺടാക്ട് സെൻററുമായി ബന്ധപ്പെടാവുന്നതാണ്.

**************************************************

## KUWAIT

കുവൈറ്റിൽ ഉണ്ടായ തീപിടിത്തത്തിൽ മരിച്ചവരിൽ ചങ്ങനാശ്ശേരി ഇത്തിത്താനം സ്വദേശിയും. ഇത്തിത്താനം ഇളങ്കാവ് കിഴക്കേടത്ത് വീട്ടിൽ പ്രദീപ് ദീപ ദമ്പതികളുടെ മകൻ ശ്രീഹരി പ്രദീപാണ് മരിച്ചത്. മലപ്പുറം കൂട്ടായി സ്വദേശി നൂഹും കുവൈറ്റിൽ മരണപ്പെട്ടവരിൽ ഉൾപ്പെടുന്നു. മത്സ്യതൊഴിലാളിയായ നൂഹ് കഴിഞ്ഞ

ഫെബ്രുവരി 25 നാണ് അവസാനമായി നാട്ടിൽ വന്നു പോയത്. ഒരു മാസം മുമ്പാണ് സ്വകാര്യ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചത്.

കുവൈറ്റിൽ ഉണ്ടായ തീപിടിത്തത്തിൽ മരിച്ച പന്തളം മുടിയോർകോണം സ്വദേശി ആകാശ് എസ്.നായരുടെ വീട് മന്ത്രി വീണാ ജോർജും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും സന്ദർശിച്ചു. അത്യന്തം വേദനാജനകമായ സംഭവമാണ് കുവൈറ്റിൽ ഉണ്ടായതെന്നും മന്ത്രി വീണാജോർജ് പറഞ്ഞു. നിലവിൽ പത്തനംതിട്ട സ്വദേശികളാണ് ഈ സംഭവത്തിൽ മരിച്ചവരിൽ സ്ഥിരീകരണം ഉണ്ടായവരിൽ കൂടുതൽ.

**************************************************

## LOKA KERALA SABHA

കുവൈറ്റ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നടക്കാനിരുന്ന ലോക കേരള സഭയുടെ ഉദ്ഘാടന സമ്മേളനവും സെമിനാറും അനുബന്ധ പരിപാടികളും ഒഴിവാക്കി. 14 , 15 തീയതികളിൽ ലോക കേരളസഭാ സമ്മേളനം നിശ്ചയിച്ച പ്രകാരം നടക്കും. ആഘോഷ പരിപാടികൾ ഉണ്ടാവില്ല.

**************************************************

## NEET UG – DHARMENDRAPRADHAN

നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. പുനഃപരീക്ഷയുടെ ഫലം ഈ മാസം 30 ന് പ്രസിദ്ധീകരിക്കും. ഗ്രേസ് മാർക്ക് കിട്ടിയ കുട്ടികളുടെ സ്കോർ റദ്ദാക്കുമെന്നും, റീടെസ്റ്റ് എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് ഒഴികെയുള്ള മാർക്ക് നില നൽക്കുമെന്നും സർക്കാർ കോടതിയെ അറിയിച്ചു. നീറ്റ് പരീക്ഷ നടത്തിപ്പുമായി ബന്ധപെട്ട മറ്റ് ഹർജികളിൽ ജൂലൈ 8 ന് സുപ്രീം കോടതി വീണ്ടും വാദം കേൾക്കും. കൗൺസിലിങ് തടസ്സപ്പെടുത്തരുതെന്നും സുപ്രീം

കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. നീറ്റ് പരീക്ഷ നടത്തിപ്പിൽ ചോദ്യപ്പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടില്ലെന്നും, പുനഃപരീക്ഷാ നടപടികൾ കാര്യക്ഷമമായി നടത്തുമെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

**************************************************

## ARUNACHAL OATH

അരുണാചൽ പ്രദേശ് മുഖ്യമന്ത്രിയായി ബിജെപി നേതാവ് പേമ ഖണ്ഡു മൂന്നാം തവണയും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇറ്റാനഗറിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ 11 ക്യാബിനറ്റ് മന്ത്രിമാരും, മുഖ്യമന്ത്രിയ്ക്കൊപ്പം ചുമതലയേറ്റു. അരുണാചൽപ്രദേശ് ഗവർണർ കെ ടി പർനായക് സത്യവാചകം ചൊല്ലിക്കൊടുത്തു. കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, ജെപി നഡ്ഡ, കിരൺ റിജിജു, മുതിർന്ന ബിജെപി നേതാവ് രവിശങ്കർ പ്രസാദ്, അസം, സിക്കിം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 60 അംഗ അരുണാചൽ പ്രദേശ് നിയമസഭയിൽ 46 സീറ്റുകൾ നേടിയാണ് ബിജെപി അധികാരത്തിലേറിയത്.

**************************************************

## SPEAKER

18-ആം ലോക്സഭയിലെ സ്പീക്കർ സ്ഥാനം ബിജെപി നിലനിർത്തിയേക്കുമെന്ന് സൂചന. NDA ഘടകകക്ഷികൾ സ്പീക്കർ സ്ഥാനം ആവശ്യപ്പെടുന്നതായി ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ഇറ്റാലിയൻ പര്യടനത്തിന് ശേഷം മടങ്ങിയെത്തിയാലുടനെ ഇക്കാര്യത്തിൽ തീരുമാനമെടുത്തേക്കും. ഈ മാസം 24 നാണ് 18-ആം ലോക്സഭയുടെ പ്രഥമ സമ്മേളനത്തിന് തുടക്കമാവുക.

************************************************

## PM- YOGA VIDEO

അന്താരാഷ്ട്ര യോഗാ ദിനത്തോട് അനുബന്ധിച്ച് യോഗയുടെ പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോ പങ്കു വച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. താഡാസനം ചെയ്യുന്ന വിധവും ഗുണങ്ങളുമാണ് ഇന്നത്തെ വിഡിയോയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താഡാസനം ആരോഗ്യത്തിന് വളരെ ഗുണപ്രദമാണെന്നും ശരീരത്തിന് കൂടുതൽ കരുത്തും മികച്ച വിന്യാസവും പ്രദാനം ചെയ്യുമെന്നും വീഡിയോ പങ്കു വച്ചു കൊണ്ട് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മാസം 21 നാണ് അന്താരാഷ്ട്ര യോഗാ ദിനം.

************************************************

## RETAIL INFLATION

രാജ്യത്തെ റീട്ടെയിൽ പണപ്പെരുപ്പം മേയ് മാസത്തിൽ ഈ വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കായ 4.75 ശതമാനത്തിലെത്തിയതായി കേന്ദ്ര സ്ഥിതി വിവര മന്ത്രാലയത്തിൻറെ കണക്കുകൾ. ഏപ്രിലിൽ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 4.83 ശതമാനമായിരുന്നു.

************************************************

## PLUS ONE ALOTMENT

ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന്റെ രണ്ടാംഘട്ട അലോട്ട്മെന്റിൽ രണ്ട് ലക്ഷത്തി 39,961 വിദ്യാർത്ഥികൾ ഇടം നേടി. ഒന്നാം അലോട്ട്മെന്റിലെ രണ്ട് ലക്ഷത്തി 45,944 പേരിൽ ഒരു ലക്ഷത്തി 20,176 പേർ സ്ഥിരപ്രവേശനവും 99,420 പേർ താൽക്കാലിക പ്രവേശനവുമാണ് നേടിയത്. രണ്ട് അലോട്ട്മെന്റുകൾക്കു ശേഷം 70,100 സീറ്റ് ബാക്കിയുണ്ട്. അലോട്ട്മെന്റിൽ ഇടം നേടിയവർ ബുധൻ

രാവിലെ 10 മുതൽ വ്യാഴം വൈകിട്ട് അഞ്ച് വരെ സ്കൂളുകളിൽ പ്രവേശനം നേടണം.

***************************************************

## J&K-TERROR ATTACKS

ജമ്മു കാശ്മീരിൽ, കഴിഞ്ഞ നാല് ദിവസത്തിനിടെയുണ്ടായ അഞ്ചു ഏറ്റുമുട്ടലുകളിൽ സുരക്ഷാസേന രണ്ടു ഭീകരരെ വധിച്ചു. കത്വ, റിയാസി ജില്ലകളിൽ ഉണ്ടായ ഏറ്റുമുട്ടലിൽ ഒരു സിആർപിഎഫ് ജവാൻ വീരമൃത്യു വരിക്കുകയും ഒമ്പത് സാധാരണക്കാർ കൊല്ലപ്പെടുകയും ചെയ്തതായാണ് വിവരം. ഏറ്റുമുട്ടലുകളിൽ സൈനികരും, 50-ഓളം സാധാരണ ജനങ്ങളും ഉൾപ്പടെ നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്.

***************************************************

## T20 WORLD CUP

ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്-നെതർലാൻഡ്സ് പോരാട്ടം. കിങ്സ്ടൗണിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ അമേരിക്കയെ ഏഴ് വിക്കറ്റിനും, ഇന്ന് രാവിലെ നടന്ന മത്സരത്തിൽ വെസ്റ്റ്ഇൻഡീസ് ന്യൂസിലാൻഡിനെ 13 റൺസിനും പരാജയപ്പെടുത്തി. അമേരിക്കയ്ക്കെതിരായ വിജയത്തോടെ ഇന്ത്യയും ന്യൂസിലാൻഡിനെതിരായ വിജയത്തോടെ വെസ്റ്റ് ഇൻഡീസും സൂപ്പർ 8 ൽ യോഗ്യത ഉറപ്പിച്ചു.

***************************************************

## IMD WEATHER

ഉത്തർപ്രദേശ്, പശ്ചിമ ബംഗാളിന്റെ ഗംഗാ സമതല മേഖല, ബീഹാർ, ജാർഖണ്ഡ് തുടങ്ങിയ ഇടങ്ങളിൽ അടുത്ത 4 ദിവസം ഉഷ്ണ തരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഉത്തരാഖണ്ഡ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, മധ്യപ്രദേശ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ജമ്മു , ഒഡീഷ എന്നിവിടങ്ങളിലും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ട്. ഡൽഹിയിൽ ഇന്നലെ ഉയർന്ന താപനില 44.7 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി.

***********************************************************************************
********************************************************
********************